(സി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിൽ ജാതി സത്യമെന്ന് തെളിഞ്ഞിട്ടുണ്ട് ;

(ഡി) കിർത്താഡ്സിന്റെ കണ്ടെത്തലിനെതിരെ എത്ര പേർ കോടതികളിലെത്തി അനുകൂലവിധി നേടിയിട്ടുണ്ട് ; എത്ര കേസ്സുകൾ തീർപ്പാക്കാതെ കോടതികളുടെ പരിഗണനയിലുണ്ട് ;

(ഇ) കിർത്താഡ്സിന്റെ കണ്ടെത്തലിനെ തുടർന്ന് എത്രപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട് ;

(എഫ്) കിർത്താഡ്സിന്റെ പരിഗണനയിൽ നിലവിൽ എത്ര പരാതികൾ ഉണ്ട് ?

ഉത്തരം

(എ) 316 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി സ്ക്രൂട്ടിനി കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) 304 കേസ്സുകളിൽ ജാതി വ്യാജമെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) 12 കേസ്സുകളിൽ ജാതി സത്യമെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കിർത്താഡ്സിന്റെ പരിഗണനയിൽ 678 പരാതികൾ നിലവിലുണ്ട്.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

228 (3664) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര പട്ടികജാതി കോളനികൾ നവീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്രയെണ്ണം നവീകരിച്ചുവെന്നും അറിയിക്കാമോ ;

(സി) ഈ പദ്ധതി പ്രകാരം ചെയ്ത നവീകരണ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയുടെ കണക്കും ലഭ്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-13-ൽ 114-ഉം 2013-14-ൽ 103-ഉം കോളനികളാണ് നവീകരിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ 15 കോളനികളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്.

(സി)

1. കോളനിക്കുള്ളിലെ റോഡ്/നടപ്പാത
2. കുടിവെള്ളം
3. വൈദ്യുതീകരണം
4. വീട് പുനരുദ്ധാരണം
5. കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം
6. ഡ്രെയിനേജ്
7. മാലിന്യ സംസ്കരണം
8. ബയോഗ്യാസ് പ്ലാന്റ്
9. വരുമാന ദായക പദ്ധതികൾ (പല വിധം)
10. ശുചീകരണ പ്രവർത്തനം
11. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരഭങ്ങൾ
12. സോളാർ തെരുവ് വിളക്ക്
13. റീറ്റെയിനിംഗ് വാൾ
14. വാർത്താവിനിമയ സൗകര്യങ്ങൾ

തുടങ്ങിയ വികസനപ്രവർത്തനങ്ങളും മറ്റ് വികസനപ്രവർത്തനങ്ങളും കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കിവരുന്നു.

2012-13-ൽ തെരഞ്ഞെടുത്ത കോളനികൾക്കായി 69,03,30,523 (അറുപത്തി യൊൻപത് കോടി മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന്) രൂപയും 2013-14-ൽ തെരഞ്ഞെടുത്ത കോളനികൾക്കായി 23,02,26,228 (ഇരുപത്തി മൂന്ന് കോടി രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി ഇരുനൂറ്റി ഇരുപത്തിയെട്ട്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly